# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 31

# വാർത്താക്കുറിപ്പ്

## പരീക്ഷാ ഫലം

2020 ഒക്ടോബറിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.എ. മോഡൽ I (പ്രൈവറ്റ് രജിസ്ട്രേഷൻ) സി.ബി.സി.എസ്.എസ്. (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/128/2022)

2020 ഒക്ടോബറിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.എ. മോഡൽ I (പ്രൈവറ്റ് രജിസ്ട്രേഷൻ) സി.ബി.സി.എസ്.എസ്. (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/129/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

<u>പത്രക്കുറിപ്പ്</u>

സർവ്വകലാശാലയിലെ ഒരു ജീവനക്കാരിയെ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനു 31/01/2022ൽ കൂടിയ സിൻഡിക്കേറ്റ് യോഗം താഴെപ്പറയുന്ന സമിതിയെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.

1. ശ്രീ. ഹരികൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം
2. ഡോ. ബി കേരള വർമ്മ, സിൻഡിക്കേറ്റ് അംഗം
3. ഡോ. എ ജോസ്, സിൻഡിക്കേറ്റ് അംഗം
4. ഡോ. ഷാജില ബീവി, സിൻഡിക്കേറ്റ് അംഗം

മേൽ വിഷയം കൂടാതെ പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയും പ്രകാരം നിജപ്പെടുത്തുന്നതിനു തീരുമാനിച്ചു.

- 2020 ജനുവരി 1 മുതൽ എം ബി എ സെക്ഷനിൽ നടന്ന പരീക്ഷാ സംബന്ധമായ എല്ലാ ജോലികളേയും കുറിച്ച്
- പോസ്റ്റ് റിസൾട്ട് കറക്ഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ
- എം ബി എ സെക്ഷനിലെ മൊത്തം പ്രക്രിയയകൾ
- പരീക്ഷാ ഭവനിലെ അസ്സിസ്റ്റൻറ് സെക്ഷൻ ഓഫീസർ തസ്തികകളിൽ ഒരു ജീവനക്കാരൻ തുടരുന്ന കാലഘട്ടങ്ങൾ /സാഹചര്യങ്ങൾ
- പ്രസിദ്ധീകരിച്ചിട്ടും കുട്ടികൾക്ക് യഥാസമയം ലഭ്യമാവാത്തതിൻെറ കാരണം
- ഓരോ സെക്ഷനിലേയും പെൻഡിംഗ് ഫയലുകളുടെ സ്റ്റാറ്റസ്
- മേഴ്‌സി ചാൻസ് പരീക്ഷയുടെ റിസൽട്ട് പ്രസിദ്ധീകരിക്കുന്ന രീതി

സർവ്വകലാശാലയിൽ ഉണ്ടായിട്ടുള്ള മേൽപരാമർശ അനിഷ്ട സംഭവത്തിൻെറ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ അടിയന്തിരമായി നടപ്പിലാക്കുന്നതിനു സിൻഡിക്കേറ്റ് തീരുമാനിച്ചു.

1. മൂന്നു വർഷമോ അതിൽ കൂടുതലോ കാലയളവിൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെ വിവിധ ബ്രാഞ്ചുകളിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിനും മറ്റ് ബ്രാഞ്ചുകളിലെ ജീവനക്കാരുടെ എൺനത്തിലെ പരിമിതി മൂലം ഇതിനു സാധിക്കാതെ വരുന്ന പക്ഷം ഇത്തരക്കാരെ പരീക്ഷാ വിഭാഗത്തിൽ തന്നെ സ്ഥലം മാറ്റി നിയമിക്കുന്നതിനു രജിസ്ട്രാറിനെ ചുമതലപ്പെടുത്തുന്നു.
2. സർവ്വകലാശാലയിലെ മിഡിൽ ലെവൽ മാനേജ്മെൻറിനു ചുമതലപ്പെട്ട സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ എന്നിവർ തങ്ങളുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിക്കുന്നു എന്നു ഉറപ്പു വരുത്തുന്നതിനു ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഇത്

സംബന്ധിച്ചുള്ള ബ്രാഞ്ച് ഓഫീസർമാരുടെ കംപ്ലയൻസ് റിപ്പോർട്ട് എല്ലാ മാസത്തെയും സിൻഡിക്കേറ്റ് യോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനു തീരുമാനിച്ചു.

3. അറ്റൻഡൻസ് നിർബന്ധമായും നിരീക്ഷിക്കുന്നതിനാവശ്യമായ കുറ്റമറ്റ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഓഫീസ് സമയക്രമം പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനു രജിസ്ട്രാർനെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.
4. പരീക്ഷാ ഭവനിലെ ഇടനാഴികളിലും പൊതു ഇടങ്ങളിലും സി സി ടി വി ക്യാമറകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനും മാഗ്നറ്റിക് ഡോറുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.
5. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനിച്ചു.
6. അപേക്ഷ സമർപ്പിച്ച് ദീർഘ നാളുകളാവുകയും നാളിതു വരെ പരിഹരിക്കപ്പെടാത്തതുമായ അവസാന സെമസ്റ്റർ മാർക്ക് ലിസ്റ്റ്/കൺ സോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്/ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവക്കായുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പു കൽപ്പിച്ചു നൽകുന്നതിനും ഇത് സംബന്ധമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും പരീക്ഷാ കൺ ട്രോളറെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.
7. സർവ്വകലാശാലയിലെ അനധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി എസ് സി ക്കു വിട്ടതിനു മുൻപ് നടന്നിട്ടുള്ള 4% സംവരണാടിസ്ഥാനത്തിൽ അസ്സിസ്റ്റൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ക്രമപ്രകാരമാണെന്നു സിൻഡിക്കേറ്റ് കണ്ടെത്തി.